# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 745 — 11.03.2015-ൽ മറുപടിക്ക്

### വന്ധ്യതാ ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. റ്റി. ജോർജ് :<br>,, കെ. മുരളീധരൻ :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, കെ. ശിവദാസൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു ; പ്രസ്തുത ക്ലിനിക്കുകൾ എന്ന് മുതൽ പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) തിരുവനന്തപുരം തൈക്കാട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ഉണ്ട്. ഇത് 2005 ജൂലൈ 1 മുതൽ പ്രവർത്തിച്ചു വരുന്നു. കൊല്ലം ജില്ലയിൽ ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. 2014 മെയ് മാസം മുതലാണ് പ്രസ്തുത ക്ലിനിക്ക് പ്രവർത്തിച്ചു വരുന്നത്. ആലപ്പുഴ ജില്ലയിൽ മെഡിക്കൽ കോളേജിൽ മാത്രമാണ് വന്ധ്യതാ ചികിത്സ ഉള്ളത്. അത് ആരംഭിച്ചിട്ട് 25 വർഷത്തിനു മുകളിലായി. ഇടുക്കി ജില്ലയിലെ ജില്ലാ താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജി ഒ.പി. യുടെ ഭാഗമായി വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ 2009 ഫെബ്രുവരി മുതൽ വന്ധ്യതാ ചികിത്സാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ല യിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ക്ലിനിക്ക് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എസ്.എ.ടി. ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വന്ധ്യതാ ക്ലിനിക്ക് 1985 മുതൽ പ്രവർത്തിച്ചു വരുന്നു. എ.ആർ.ടി. സെന്റർ ജൂലൈ 2012 മുതൽ ആരംഭിച്ചു. |

(.....2)

(ബി) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമുള്ള വന്ധ്യതാ ക്ലിനിക്കകളിലെ ചികിത്സാ ചെലവുകളിലെ അന്തരം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ മേഖലയിലേയും, സ്വകാര്യ മേഖലയിലേയും ചികിത്സാ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | |
|---|---|---|
| | സർക്കാർ മേഖല | സ്വകാര്യ മേഖല |
| ഫോളിക്കുലാർ സ്റ്റഡി | 100/- രൂപ | 600/- രൂപ മുതൽ 1,000/- രൂപ വരെ |
| ബീജ പഠനം | 50/- രൂപ | 100/- രൂപ മുതൽ 300/- രൂപ വരെ |
| ഇൻട്രായൂട്ടറൈൻ ഇൻസെമിനേഷൻ | 100 – 500/- രൂപ | 2,500/- രൂപ മുതൽ 5,000/- രൂപ വരെ |
| ഡോണർ സ്പേം | 500/- രൂപ | 2,500/- രൂപ |
| സ്പേം ബാങ്ക് | 500/- രൂപ | 10,000/- രൂപ |
| ലാപ്രോസ്കോപ്പി | 250/- രൂപ | 25,000/- രൂപ |
| രജിസ്ട്രേഷൻ ഫീസ് | 100/- രൂപ | ------- |

സർക്കാർ ആശുപത്രികളിലെ നിരക്ക് അതാത് ആശുപത്രികളിലെ ആശുപത്രി വികസന സമിതിയുടെ തീരുമാനത്തിന് വിധേയമായിരിക്കും.

എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ എ.ആർ.ടി. സെന്ററിൽ ഈടാക്കി വരുന്ന ചാർജ്ജ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) സാധാരണക്കാർക്ക് പ്രയോജനപ്രദമായ വന്ധ്യതാ ക്ലിനിക്കുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിന്റെ പ്രാരംഭ നടപടിയെന്നോണം പി.എം.എസ്.എസ്.വൈ യുടെ കീഴിൽ 5 മെഡിക്കൽ കോളേജുകൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് സെന്ററുകൾ സ്ഥാപിക്കുന്ന നടപടി പ്രാരംഭ ദിശയിലാണ്. എല്ലാ ജില്ലാ ആശുപത്രികളിലും വന്ധ്യതാ ക്ലിനിക്ക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

**Basic Infertility Procedures**

| | |
|---|---|
| Registration | - ₹ 150/- |
| Semen analysis | - ₹ 100/- |
| Follicular study by ultrasound scan | - ₹ 300+50/- |
| Intrauterine insemination | - ₹ 750/- |
| Intrauterine insemination with gradient | - ₹ 1000/- |
| Donor insemination | - ₹ 1500/- |
| **Endoscopy** | |
| Diagnostic laparoscopy | - ₹ 2000/- |
| Operative laparascopy | - ₹ 3000/- |
| Diagnostic hysteroscopy | - ₹ 1000/- |
| Operative hysteroscopy | -₹ 3000/- |
| Laparotomy | - ₹. 3000/- |
| **In Vitro Ferilization** | |
| Drugs | - ₹ 25000-50000/- |
| Disposables | - ₹ 15000/- |
| Procedure charges (including embryologist) | - ₹ 20000/- |
| Contingency charges | - ₹ 5000/- |

P. Anoy
സെക്ഷൻ ഓഫീസർ